Draft #1 of File 20469/EA 2-1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 05-Jun-2020 03:51 PM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2020 മാർച്ചിലെ ആറാം സെമസ്റ്റർ പരീക്ഷയെ തുടർന്നുള്ള പ്രാക്ടിക്കൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സർവകലാശാല മിനി കോൺഫറൻസ് ഹാളിൽ വച്ച് 03.06.2020 , 12.30 ന് ചെയർമാൻമാരുമായി നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ച്.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2360/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.06.2020

---

*പരാമർശം:*-1.2020 മാർച്ചിലെ ആറാം സെമസ്റ്റർ പരീക്ഷയെ തുടർന്നുള്ള പ്രാക്ടിക്കൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സർവകലാശാല മിനി കോൺഫറൻസ് ഹാളിൽ വച്ച് 03.06.2020 , 12.30 ന് ചെയർമാൻമാരുമായി വീഡിയോ കോൺഫറൻസ് വഴി നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. 05.06.2020 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

2020 മാർച്ചിലെ ആറാം സെമസ്റ്റർ പരീക്ഷയെ തുടർന്നുള്ള പ്രാക്ടിക്കൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സർവകലാശാല മിനി കോൺഫറൻസ് ഹാളിൽ വച്ച്, ചെയർമാൻമാരുമായി വീഡിയോ കോൺഫറൻസ് വഴി നടന്ന യോഗത്തിൽ ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

- 2020 ജൂൺ 8,9,10 തീയതികളിൽ Practical/Viva/Project Evaluation പരീക്ഷകൾ നടത്തുന്നതാണ്.
- ജൂൺ 8-നു തുടങ്ങി പരമാവധി 10-നു തന്നെ Practical/Viva/Project Evaluation പരീക്ഷകൾ പൂർത്തീകരിക്കേണ്ടതാണ്.
- കൂടുതൽ ദിവസങ്ങൾ ആവശ്യമുള്ള സയൻസ് വിഷയങ്ങൾക്ക് ഒന്നോ രണ്ടോ ദിവസം കൂടി അനുവദിക്കുന്നതാണ്. അതു സംബന്ധമായ ഇമെയിൽ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് -ന് അയച്ച് അനുമതി വാങ്ങേണ്ടതാണ്.
- 2020 ജൂൺ 11, 12 തീയതികളിൽ പ്രാക്ടിക്കൽ മാർക്ക് സർവകലാശാലയിൽ എത്തിക്കേണ്ടതാണ്.
- 2020 ജൂൺ 11 നു തന്നെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു.
- മറ്റു ജില്ലകളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് Practical/Viva/Project Evaluation പരീക്ഷകൾ ഒരു ദിവസം കൊണ്ട് തന്നെ പൂർത്തീകരിക്കാൻ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

ഒന്നിൽ കൂടുതൽ ദിവസം വന്നാൽ വിദ്യാർത്ഥികൾക്ക് താമസ സൗകര്യം സജ്ജീകരിക്കേണ്ടതാണ്.

- Practical/Viva/Project Evaluation പരീക്ഷകൾ അതതു കോളേജുകളിൽ വച്ച് നടത്തേണ്ടതാണ്.

- ലക്ഷദ്വീപിലുള്ള വിദ്യാർത്ഥികൾക്ക് ലാബ് അനിവാര്യമല്ലാത്ത കോഴ്സുകളുടെ പ്രാക്ടിക്കൽ, വൈവ-വോസി പരീക്ഷകൾ വീഡിയോ കോൺഫെറൻസിലൂടെ ഓൺലൈൻ ആയി നടത്താവുന്നതാണ്. അത്തരത്തിലുള്ള പരീക്ഷകൾ റെക്കോർഡഡ് ആയിരിക്കണം.

- യാത്രാസൗകര്യത്തിന്റെ അഭാവം മൂലം പ്രാക്ടിക്കൽ പരീക്ഷകൾക്ക് പങ്കെടുക്കുവാൻ കഴിയാത്ത ലക്ഷദ്വീപിലുള്ള വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാകുമ്പോൾ പ്രാക്ടിക്കൽ പരീക്ഷകൾ നടത്തുന്നതാണ്.

- പ്രാക്ടിക്കൽ പരീക്ഷകൾക്ക് ഇത്തവണ സർവകലാശാല നിയോഗിക്കുന്ന External examiner ഉണ്ടായിരിക്കില്ല. ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിലെ HOD നിയോഗിക്കുന്ന Tutor ഉൾപ്പെട്ട രണ്ട് അധ്യാപകർ പ്രാക്ടിക്കൽ പരീക്ഷ നടത്തേണ്ടതാണ് .

- പരീക്ഷകൾ നടക്കുന്നതോടൊപ്പം മാർക്ക് കൂടി enter ചെയ്തു സർവകലാശാല വെബ്സൈറ്റിൽ കോളേജിൽ നിന്നു തന്നെ സോഫ്റ്റ് കോപ്പി upload ചെയ്യേണ്ടതാണ്. ഹാർഡ് കോപ്പി ചെയർമാൻ മുഖേന സർവകലാശാലയിൽ എത്തിക്കേണ്ടതാണ്.

- പരീക്ഷകൾ കഴിയുന്ന മുറയ്ക്ക് Valuation Scheme- കൾ വേഗത്തിൽ ലഭ്യമാക്കാൻ ചെയർമാൻമാർ ശ്രദ്ധിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പകർപ്പ്

1.എല്ലാ പ്രിൻസിപ്പൽമാർ /ചെയർമാൻമാർ

2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ

4. ഡോ. ആർ. പ്രഗാഷ്, പരീക്ഷാ ഉപസമിതി കൺവീനർ

5. CE's സെക്ഷൻ/ എ .സി .സി I/II/ EA I സെക്ഷൻ

6. സിസ്റ്റം മാനേജർ( i/c)

7. എല്ലാ ജെ.ആർ/ഡി. ആർ/എ.ആർ (പരീക്ഷ)

8. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ

9. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

Draft #1 of File 20469/EA 2-1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 05-Jun-2020 03:51 PM - Page 2

മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം

Draft #1 of File 20469/EA 2-1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 05-Jun-2020 03:51 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം